കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കുറുമാത്തൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.3/1124/ 2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

തീയ്യതി :10.08.2017.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം),

കുറുമാത്തൂർ ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം: കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ-മെയിൽ വഴി)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കണ്ണൂർ ജില്ല ( ഉപരിപത്രം സഹിതം )

3) കാര്യാലയ പകർപ്പ്

നം കെ എസ് എ / കെ എൻ ആർ /സി.3/1124/2017 തിയ്യതി: 10.08.2017

# കണ്ണൂർ ജില്ലയിലെ കുറുമാത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കുറുമാത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമുണ്ടായിരിക്കുന്നതല്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.6.2017മുതൽ 30.6.2017വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | ശ്രീമതി രമണി കിഴക്കീൽ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.), |
| | ശ്രീ.ദിലീപ് കുമാർ കെ.എൻ,ഓഡിറ്റർ |
| | ശ്രീമതി ബിസ്മി എസ്.നായർ, ഓഡിറ്റർ |

## നിർവ്വഹണാധികാരികളുടെ പേര് &കാലയളവ്

## പ്രസിഡണ്ട് :

| പേര് | കാലയളവ് |
|---|---|
| ശ്രീ. ഐ വി നാരായണൻ | 1.4.2016 മുതൽ 31.3.2017 വരെ |

## സെക്രട്ടറി :

| പേര് | കാലയളവ് |
|---|---|
| ശ്രീ. എം പി ഷാനവാസ് | 1.4.2016 മുതൽ 31.3.2017 വരെ |

മറ്റ് നിർവ്വഹണാധികാരികളുടെ പേര് & കാലയളവ്

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | നിഷ വി വി | 1.4.2016 മുതൽ 31.3.2017വരെ |
| കൃഷി ഓഫീസർ. | നിഷ ജോസ് | 01.04.2016മുതൽ 31.3.2017 വരെ |
| വി.ഇ.ഒ | സജിത കെ | 1.4.2016 മുതൽ 31.3.2017വരെ |
| ഐ.സി.ഡി. എസ് സൂപ്പർവൈസർ | ശാന്ത ടി<br>നിമ്മി എം കെ | 01.04.2016 മുതൽ 20.01.2017വരെ<br>21.01.2017 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ PHC | സിനി എൻ | 1.4.2016 മുതൽ 31.3.2017വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | പ്രദീപ് കുമാർ പി | 1.4.2016 മുതൽ 31.3.2017വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | അനുമോൾ ജോസഫ് | 1.4.2016 മുതൽ 31.3.2017വരെ |
| മെഡിക്കൽ ഓഫീസർ<br>Homeo | സുനിൽ രാജ്<br>രൂപ ജിനദേവൻ | 01.04.2016 മുതൽ 26.02.2017 വരെ<br>27.02.2017 മുതൽ 31.03.2017 വരെ |
| ഹെഡ് മാസ്റ്റർ | ബാലകൃഷ്ണൻ എം | 1.4.2016 മുതൽ 31.3.2017വരെ |

## ഉള്ളടക്കം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1<br>പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |

| | | |
|---|---|---|
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | ക്ഷേമപദ്ധതികൾ | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | ഗ്രാമസഭ | 1-11 |

ഭാഗം - 2

വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

| | | |
|---|---|---|
| 1 | ഡി.&ഒ ലൈസൻസ് അപാകങ്ങൾ | 2-1 |
| 2 | തൊഴിൽ നികുതി അപാകങ്ങൾ | 2-2 |

ഭാഗം - 3

ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

| | | |
|---|---|---|
| 1 | വിവിധ പദ്ധതികൾക്ക് ചെലവഴിച്ച തുകകളുടെ കൈപ്പറ്റ് റസീറ്റുകൾ ലഭ്യമാക്കിയില്ല – 39,630 രൂപ തടസ്സപ്പെടുത്തുന്നു. | 3-1 |

| | | |
|---|---|---|
| 2 | ടെണ്ടർ ബിലോ കുറച്ചതിൽ കുറവ് - 5931 രൂപ ഈടാക്കേണ്ടതാണ്. | 3-2 |
| 3 | ഇ ടെണ്ടർ - ടെണ്ടർ ഫീസ് ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്തില്ല | 3-3 |
| 4 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി -ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത അപേക്ഷകന് ആനുകൂല്യം അനുവദിച്ചു-₹ 2,910 നിരാകരിക്കുന്നു | 3-4 |
| 5 | ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമായില്ല -ചെലവ് തുകയായ ₹1,00,000 തടസ്സപ്പെടുത്തുന്നു | 3-5 |
| 6 | നെൽകൃഷി വികസന പദ്ധതിയിലെ ഗുണഭോക്തൃ പട്ടികയിലെ അപാകം | 3-6 |
| 7 | ഗ്രോബാഗും പച്ചക്കറി വിത്തും വിതരണം ചെയ്യൽ - മുൻഗണന മറികടന്ന് സഹായം നൽകി | 3-7 |
| 8 | ഗാർഹിക പൈപ്പ് കമ്പോസ്റ്റ് വിതരണം - വികസന ഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ച 8,400 രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്. | 3-8 |
| 9 | ഇ . എം . എസ് ഭവന നിർമാണം –ഭവനനിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളിൽ നിന്നും കൈപ്പറ്റിയ തുക പലിശ സഹിതം ഈടാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 3-9 |

| | | |
|---|---|---|
| | | |
| 10 | സമൃദ്ധി 2017 - ഗ്രാമ പഞ്ചായത്ത് നൽകിയ 1,00,000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-10 |
| 11 | വ്യക്തിഗത കക്കൂസ് നിർമാണം - സ്വച്ഛ് ഭാരത് മിഷൻ വിഹിതം 2,01,600 രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്. | 3-11 |
| 12 | ക്യാൻസർ നിർണയ ക്യാമ്പും ബോധവൽക്കരണ പ്രവർത്തനങ്ങളും - അംഗീകരിച്ച പ്രോജക്ടിൽനിന്നും വ്യതിചലിച്ച് നിർവഹണം നടത്തി | 3-12 |
| 13 | വിനിയോഗിക്കാൻ ബാക്കിയുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ തിരിച്ചടക്കേണ്ടതാണ്. | 3-13 |

ഭാഗം - 4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-9 |
| | അനുബന്ധം -1 (ഓഡിറ്റ് സർട്ടിഫിക്കറ്റ്) | |
| | അനുബന്ധം -2 (റസീറ്റ് & പേയ്മെന്റ്) | |
| | അനുബന്ധം -3 (ഇൻകം & എക്സ്പെൻഡിച്ചർ) | |
| | അനുബന്ധം -4 (ബാലൻസ് ഷീറ്റ്) | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 01.03.2016 തീയതിയിലെ 29/16 നമ്പർ ഭരണ സമിതി തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ്പ്രകാരമുള്ള വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 52,89,200 |
| വരവ് | 11,97,59,500 |

| | |
|---|---|
| ആകെ | 12,50,48,700 |
| ചെലവ് | 1170,48,700 |
| നീക്കിയിരിപ്പ് | 80,00,000 |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|---|
| 2016-17 | 31.07.2017 | 29.5.2017 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 28.6.2017 | ഇതേ റിപ്പോർട്ട് നമ്പർ &തിയതി |

വാർഷിക ധനകാര്യപത്രിക പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ

1. തൻവർഷത്തെ സ്റ്റോക്ക് റിപ്പോർട്ട് (ഓപ്പണിംഗ് സ്റ്റോക്ക്, സ്റ്റോർ പർച്ചേയ്സ്, ക്ലോസിംഗ് സ്റ്റോക്ക്) തയ്യാറാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. മുഴവൻ ആസ്തികളും മൂല്യനിർണ്ണയം നടത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

2016-17വർഷങ്ങളിലെ സ്ഥാപനത്തിന്റെ വാർഷിക ധനകാര്യപത്രികവിവരം

സാമ്പത്തികവിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 2,28,14,437.52 |
| വരവ് | 4,63,73,375.00 |
| ആകെ | 6,91,87,812.52 |
| ചെലവ് | 4,24,65,679.00 |
| നീക്കിയിരിപ്പ് | 2,67,22,133.52 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | തൻവർഷത്തെ അലോട്ട്മെൻറ് | ചെലവ് | നീക്കിയിരിപ്പ് (കൺസോളിഡേറ്റഡ് ഫണ്ടിൽ) |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1,18,65,819 | 1,02,11,867 | 16,53,952 |
| വികസനഫണ്ട് എസ്.സി.പി | 18,07,692 | 11,39,035 | 6,68,657 |
| വികസനഫണ്ട്ടി. എസ്.പി | 5,604 | - | 5,604 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 1,22,57,313 | 46,97,448 | 75,59,865 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 32,30,883 | 17,98,519 | 14,32,364 |
| 13-ാം ധനകാര്യ കമ്മിഷൻ ഗ്രാന്റ് | 66,53,779 | 23,60,710 | 42,93,069 |
| ലോകബാങ്ക് സഹായം | 38,23,128 | 2,57,141 | 35,65,987 |
| എംജിഎൻആർഇജിഎസ് OB(769) | 2,20,76,500 | 2,20,75,549 | 1720(CB) |

| | | | |
|---|---|---|---|
| ബി.ഫണ്ട് | 4,16,71,470 | 4,16,71,470 | 0 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി പൂർത്തിയാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 197 | 6,41,35,538 | 109 | 3,01,17,673 | 38 | 88 | 55% |

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 27 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | 2015-16 | 2016-17 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 43,85,665 | 60,64,431 | +1678766 | +38% |
| നികുതിയേതര വരവുകൾ | 11,18,998 | 9,64,954 | - 154044 | -14% |
| മറ്റ് വരവുകൾ | 1,72,059 | 2,00,478 | +28419 | +17% |
| ആകെ | 56,76,722 | 72,29,863 | 15,53,141 | +27% |

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം | ഓഡിറ്റ് | റിപ്പോർട്ട് | ഗുരുതരമായ |
|---|---|---|---|---|

| | ഓഡിറ്റ് നടത്തിയ തീയതി | കാലയളവ് | ലഭിച്ച തീയതി | ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 04/12/2010 | 2005-2006 To 2009-10 | 04/05/2011 | ഇല്ല |
| പെർഫോമെൻസ് ഓഡിറ്റ് | 19/04/2017 | 01/12/2016 To 31/03/2017 | 08/06/2017 | ഇല്ല |

## 1-9 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 81,82,830 | 907 |
| തൊഴിൽ രഹിത വേതനം | 3,79,200 | 198 |
| വിധവാ പെൻഷൻ | 1,36,56,090 | 1134 |
| വാർദ്ധക്യകാല പെൻഷൻ | 1,49,10,750 | 1726 |
| വികലാംഗ പെൻഷൻ | 30,07,740 | 314 |
| അവിവാഹിത പെൻഷൻ | 6,34,860 | 61 |
| വിവാഹ ധനസഹായം | 8,40,000 | 28 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.6.2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 9,784/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-11 ഗ്രാമസഭ

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 3-8-2004 ലെ 22675/L3/99 നം സർക്കുലർ പ്രകാരം ഗ്രാമസഭ കുറഞ്ഞത് മൂന്നു മാസത്തിലൊരിക്കൽ നിർബന്ധമായും ചേരേണ്ടതാണ്. പദ്ധതി രൂപീകരണം, ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് എന്നീ കാര്യങ്ങൾക്ക് വേണ്ടി മാത്രം ചേരുന്ന ഗ്രാമസഭായോഗങ്ങളെ ഗ്രാമസഭകളുടെ പ്രത്യേക യോഗങ്ങളായി കാണേണ്ടതും അവ മേൽപറഞ്ഞ നിയമാധിഷ്ഠിതമായ നിശ്ചിത എണ്ണം യോഗങ്ങളിൽ ഉൾപ്പെടുത്താൻ പാടില്ലാത്തതുമാണ്.

കുറമാത്തൂർ ഗ്രാമപഞ്ചായത്തിൽ 2016-17 കാലയളവിൽ മൂന്നുതവണ ഗ്രാമസഭ യോഗം ചേർന്നിട്ടുണ്ട്. എന്നാൽ 19.11.2016 ന് ശേഷം ഓഡിറ്റ് വർഷത്തിൽ ഗ്രാമസഭ ചേർന്നിട്ടില്ല. 17 വാർഡുകളിലെയും ഗ്രാമസഭ മിനിട്ട്സ് പരിശോധിച്ചതിൽ 2015-16 ലെ പദ്ധതി അവലോകനം അജണ്ടയായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതിനെക്കുറിച്ച് ചർച്ച ചെയ്തതായി കാണുന്നില്ല.

പഞ്ചായത്ത് രാജ് ആക്ടിനോടനുബന്ധിച്ചിട്ടുണ്ടായ വിവിധ ചട്ടങ്ങളിൽ ഗ്രാമസഭ അംഗീകരിക്കേണ്ടതായി പറഞ്ഞിട്ടുള്ള പല കാര്യങ്ങളും ഗ്രാമസഭകളിൽ ചർച്ച ചെയ്തതായി കാണുകയുണ്ടായില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

i) വിവിധ ഓഡിറ്റ് റിപ്പോർട്ടുകൾ (സ്റ്റാറ്റ്യൂട്ടറി, പെർഫോർമൻസ്, എ.ജി. തുടങ്ങിയവ) ലഭിക്കുന്ന മുറക്ക് അവ ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണെന്ന് കേരള പഞ്ചായത്ത് രാജ് നിയമം 3 എ (3) വകുപ്പും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 3.8.2004 ലെ 22675/ എൽ 3/99നമ്പർ സർക്കുലറും നിഷ്കർഷിക്കുന്നുണ്ട്. 1.8.2016 ൽ പുറപ്പെടുവിച്ച 2013-14, 2014-15 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് 10.8.16 ന് ഗ്രാമപഞ്ചായത്ത് കൈപ്പറ്റിയിട്ടുണ്ടെങ്കിലും ചില വാർഡുകളിലെ ഗ്രാമസഭകളിൽ മാത്രമേ റിപ്പോർട്ട് വായിച്ചിട്ടുള്ളൂ. 7.12.2016 തിയ്യതിയിൽ പുറപ്പെടുവിച്ച 2015-16 വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് 4.2.2017 ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ടെങ്കിലും ഗ്രാമസഭാ യോഗങ്ങളിൽ ചർച്ച ചെയ്തിട്ടുള്ളതായി കാണുന്നില്ല.

ii) 2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപികരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 7 അനുസരിച്ച് ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായത്തിന് അപേക്ഷിച്ചവരുടെയും ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകിയവരുടെയും വിവരങ്ങൾ ഗ്രാമസഭയിൽ അറിയിക്കേണ്ടതുണ്ട് എന്നത് പാലിക്കപ്പെട്ടിട്ടില്ല.

iii) 1997ലെ കേരള പഞ്ചായത്ത് രാജ് (വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതിത്തള്ളൽ) ചട്ടം 3(16) പ്രകാരം ധനകാര്യ സ്റ്റാന്റിംങ് കമ്മിറ്റി തീരുമാന പ്രകാരം എഴുതിത്തള്ളാൻ തീരുമാനിച്ചത് ഗ്രാമസഭയിൽ ചർച്ച ചെയ്തിട്ടില്ല.

നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പ്രകാരം ഗ്രാമസഭയ്ക്ക് ഉള്ള അധികാരങ്ങളും അവകാശങ്ങളും മുഴുവനായും ഗ്രാമസഭ നിർവഹിക്കുന്നുണ്ട് എന്ന് ഉത്തരവാദപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി.&ഒ ലൈസൻസ് അപാകങ്ങൾ

കുറുമാത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17വർഷത്തെ ഡി.&ഒ.ലൈസൻസ് അപേക്ഷകളുടെ പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ കാണുകയുണ്ടായി.

1.ഡി.&ഒ.ലൈസൻസ് അപേക്ഷകൾ ഓഡിറ്റിന് ഹാജരാക്കിയില്ല

2016-17വർഷത്തെ ക്രമ.നം. 238,239,318,320,325,326,333,342 അപേക്ഷകൾ ഹാജരാക്കിയില്ല.

2. ഡി.&ഒ.ലൈസൻസ് അപേക്ഷകളിൽ ദിവസ വരുമാനം രേഖപ്പെടുത്തിയിട്ടില്ല.

2016-17വർഷത്തെ ഹാജരാക്കിയ 415 ഡി.&ഒ.ലൈസൻസ് അപേക്ഷകളിൽ 48 അപേക്ഷകളിൽ ദൈനംദിന വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല.

3. അന്വേഷണ റിപ്പോർട്ട് ഇല്ലാത്ത അപേക്ഷകൾ

2016-17വർഷത്തെ 110അപേക്ഷകളിൽ അന്വേഷണ റിപ്പോർട്ട് ഇല്ല.

4.സമ്മതപത്രം ഹാജരാക്കുന്നില്ല

വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസിനുള്ള അപേക്ഷയോടൊപ്പം കെട്ടിട ഉടമയുടെ സമ്മതപത്രം ഹാജരാക്കുന്നില്ല 2016-17 വർഷം ഹാജരാക്കിയ 185 അപേക്ഷകളോടൊപ്പം സമ്മതപത്രം ഹാജരാക്കിയിട്ടില്ല. അപേക്ഷകൾ പൂർണ്ണമാണോ എന്നും അനുബന്ധ പത്രികകൾ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നും സെക്ഷനിലും തുടർന്ന് മേലാധികാരികളും പരിശോധിക്കേണ്ടതാണ്. മുകളിൽ പറഞ്ഞ അപാകങ്ങൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

5.ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്.

2016-17വർഷത്തെ ഡി&ഒ ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവുള്ളതായി കാണുന്നു

| ക്രമ.നം | അപേക്ഷകൻ/ആവശ്യം | വാർഡ്/കെട്ടിട നം. | മെഷീനറി (കുതിര ശക്തി)/ ദൈനംദിന വിറ്റുവരവ് | അടച്ച തുക/രസീത് നം./തീയ്യതി ₹ | അടക്കേണ്ട തുക ₹ | കുറവ് വന്ന തുക ₹ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| 1 | മജീദ് അബ്ദുൾ ഖാദർ<br>മലഞ്ചരക്ക് വ്യാപാരം | 5/480 | 10,000 | 100+25<br>11601100010<br>02-04-2016 | 200+50 | 125 | അന്വേഷണ റിപ്പോർട്ട് ഇല്ല.ഹെൽത്ത് ഇൻസ്പെക്ടറുടെ സാക്ഷ്യപത്രം |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | അനുസരിച്ച്. |
| 2 | മുഹമ്മദ് നെടിയോടി<br>ഹോട്ടൽ | 9/333എ | 10,000 | 100+25<br>11601100094<br>07-04-2016 | 200+50 | 125 | അന്വേഷണ റിപ്പോർട്ട് ഇല്ല.ഹെൽത്ത് ഇൻസ്പെക്ടറുടെ സാക്ഷ്യപത്രം അനുസരിച്ച്. |
| 3 | നീലങ്കോൽ നാരായണി | 17/526 | 7,000 | 100+25<br>11601100458<br>04-05-2016 | 200+50 | 125 | അന്വേഷണ റിപ്പോർട്ട് അനു സരിച്ച്. |
| 4 | അബ്ദുൾ കരീം ടി.<br>ബേക്കറി | 17/642 | 9,000 | 100+25<br>11601101351<br>02-07-2016 | 200+50 | 125 | അന്വേഷണ റിപ്പോർട്ട് അനു സരിച്ച്. |
| 5 | ജിനൂപ് കൃഷ്ണൻ കെ.<br>വാഹന നമ്പർ പ്ലേറ്റിംഗ് സ്റ്റിക്കർ | 17/385എ | 6000-7000 | 100+25<br>11601101019<br>10-06-2016 | 200+50 | 125 | അന്വേഷണ റിപ്പോർട്ട് അനുസരിച്ച്. |
| 6 | പ്രശാന്ത് എം.വി.<br>ഫുഡ് സ്റ്റേഷനറി ഗോഡൗൺ | 4/343 | 26,000 | 300+75<br>11601101085<br>15-06-2016 | 1000+250 | 875 | അന്വേഷണ റിപ്പോർട്ട് അനുസരിച്ച്. |
| 7 | ദിനേഷ് ഇല്ലത്ത്<br>തയ്യൽ സ്ഥാപനം | 17/519 ഡി,ഇ,സി | 11,000 | 200+50<br>11601101091<br>15-06-2016 | 300+75 | 125 | അന്വേഷണ റിപ്പോർട്ട് അനുസരിച്ച്. |

| | | | | | | | |
|---|---|---|---|---|---|---|---|
| 8 | മോഹനൻ ടി.പി.<br>അനാദി സ്റ്റേഷനറി,ബേക്കറി | 16/437 സി | 6,000 | 100<br>11601101948<br>04-08-2016 | 200 | 100 | അന്വേഷണ റിപ്പോർട്ട് അനുസരിച്ച്. |
| 9 | ജിനു പി ജോസ്<br>പ്രിന്റിംഗ് പ്രസ്സ് | 17/483 | 11,000 | 200+63<br>11601102122<br>18-08-2016 | 300+75 | 112 | അന്വേഷണ റിപ്പോർട്ട് അനുസരിച്ച്. |
| 10 | സപ്ലൈകോ ബാവുപ്പറമ്പ | 8/477 | 20,000 | 300+75<br>11601102395<br>03-09-2016 | 500+125 | 250 | അന്വേഷണ റിപ്പോർട്ട് അനുസരിച്ച്. |
| 11 | കെ.എം.നൗഫൽ<br>മലഞ്ചരക്ക് | 17/529 | 50,000 | 300+75<br>11601102617<br>22-09-2016 | 1000+250 | 875 | അന്വേഷണ റിപ്പോർട്ട് അനുസരിച്ച്. |
| 12 | സുജാത കെ.സി.<br>സാനിറ്ററി നാപ്കിൻ നിർമ്മാണം | 16/328 എ,ബി | 15,000 മുതൽ 20,000 വരെ | 100+25<br>11601103135<br>20-10-2016 | 300+75 | 250 | അന്വേഷണ റിപ്പോർട്ട് അനുസരിച്ച്. |
| 13 | ബൈജു വി.<br>അലുമിനിയം ഫാബ്രിക്കേഷൻ | 14/378 | 10,000 | 100<br>11601106098<br>08-03-2017 | 200+50 | 150 | ഹെൽത്ത് ഇൻസ്പെക്ടറുടെ സാക്ഷ്യപത്രം അനുസരിച്ച് |
| 14 | ഒണ്ടനാട്ട് ഗംഗാധരൻ<br>വെജിറ്റബിൾ ,സ്റ്റേഷനറി.... | 16/231,232,233 | 14,000 | 100+25<br>11601104755<br>23-01-2017 | 300+75 | 250 | അന്വേഷണ റിപ്പോർട്ട് അനുസരിച്ച്. |

| | | | | | | | |
|---|---|---|---|---|---|---|---|
| 15 | ഭക്തവൽസലൻ<br>ആയുർവേദ മരുന്ന് നിർമ്മാണം | 6/138 | 15,000 | 100<br>11601105549<br>23-02-2017 | 300+75 | 250 | അന്വേഷണ റിപ്പോർട്ട് അനുസരിച്ച്. |
| 16 | കെ. എസ്. സിയാദ്<br>പ്ലൈവുഡ് ബ്ലോക്ക് ബോർഡ്,ഫ്ലാഷ് ബോർഡ് നിർമ്മാണം | 7/265 | 342HP | 1000+250<br>11601105649<br>27-02-2017 | 3420+855 =4275 | 3025 | 63/2017 dt.08-02-2017 (renewal after 30-10-2002)<br>(ലൈസൻസ ഫോർ സോ മിൽസ് ആൻഡ് ഇൻഡസ്ട്രീയൽ യൂണിറ്റ്സ് |
| ആകെ | | | | | | 6887 | |

ഈടാക്കാൻ കുറവുവന്ന തുക ബന്ധപ്പെട്ട കക്ഷിയിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കേണ്ടതാണ്.

6. ഡി& ഒ ലൈസൻസ് ഇല്ലാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി ഉണ്ടായില്ല

കുറുമാത്തൂർ ഗ്രാമ പഞ്ചായത്തിൽ 2016-17 വർഷത്തിൽ ഡി&ഒ ലൈസൻസിനായി ലഭിച്ച അപേക്ഷകളിൽ ആവശ്യമായ രേഖകൾ ഇല്ലാത്ത സ്ഥാപനങ്ങളും ഉൾപ്പെടുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകൻ/സ്ഥാപനം | വാർഡ്/കെട്ടിട നം | റിമാർക്ക്സ് |
|---|---|---|---|
| 1 | ചെയർമാൻ,അൽ അമീൻ ക്വാളിറ്റി ഫാം | 7/274ബി | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി കാലാവധി തീരുന്ന |

| | | | |
|---|---|---|---|
| | | | തിയ്യതി-30-09-2016 |
| 2 | ചാക്കോ തോമസ് മരമിൽ | 6/651 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി കാലാവധി തീരുന്ന തിയ്യതി-31-12-2016 |
| 3 | കെ.വി.മുസ്തഫ മരമിൽ | 10/552 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി കാലാവധി തീരുന്ന തിയ്യതി-31-12-2016 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.7/16-17 തിയ്യതി.27-06-2017)ക്രമ നം.1 ന് 30-09-2016 വരെമാത്രം കാലാവധിയുള്ള ഡി&ഒ ലൈസൻസ് ആണ് നൽകിയിരുന്നത് എന്നും ക്രമ നം. 2, 3 എന്നിവർക്ക് ലൈസൻസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല എന്നും മറുപടി ലഭ്യമാക്കി. കേ.പ.രാ.ആക്ട്, സെക്ഷൻ 232(1) പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാക്കുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല. ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ച സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല.

## 2-2 തൊഴിൽ നികുതി അപാകങ്ങൾ

1.തൊഴിൽ നികുതി നിർണ്ണയിക്കുമ്പോൾ വീട്ടുവാടക ബത്ത കൂടി ഉൾപ്പെടുത്തി വരുമാനം കണക്കാക്കുന്ന രീതി ഒഴിവാക്കേണ്ടതാണ്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(3) പ്രകാരം ഒരാൾക്ക് ഒരു അർദ്ധവർഷം വീട്ടുവാടക ബത്ത ഒഴികെ എല്ലാ മാർഗ്ഗങ്ങളിലുമുള്ള മൊത്തവരുമാനത്തിന്റെ മേലെയാണ് തൊഴിൽ നികുതി നിർണ്ണയിക്കേണ്ടത്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ 2016-17 വർഷം നികുതി അടക്കാൻ ബാധ്യസ്ഥരായ ജീവനക്കാരിൽ നിന്നും റിട്ടേൺ സ്വീകരിക്കുമ്പോൾ വീട്ടുവാടക ബത്ത കൂടി ഉൾപ്പെടുത്തി വരുമാനം കണക്കാക്കി അതനുസരിച്ച് തൊഴിൽ നികുതി ഈടാക്കിയതായി കാണുകയുണ്ടായി. ഉദാഹരണം ചുവടെ ചേർക്കുന്നു

i.കൃഷിഭവൻ

ii.ജി.എൽ.പി.എസ്.വടക്കാംചേരി.

2. അറുപത് ദിവസത്തിൽ കൂടുതൽ പഞ്ചായത്ത് പ്രദേശത്ത് ജോലി ചെയ്ത് സ്ഥലം മാറിപ്പോയ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല

കേരള പഞ്ചായത്ത് രാജ് നിയമങ്ങളിലെ 204(1) വകുപ്പ് പ്രകാരം ഒരാൾ 60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പരിധിക്കുള്ളിൽ ജോലി ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്തതിനുശേഷം സ്ഥലംമാറിപ്പോയ താഴെ പറയുന്ന ജീവനക്കാരിൽനിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദ വിവരം ചുവടെ നൽകുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | തൊഴിൽ ചെയ്ത സ്ഥാപനം | സ്ഥാപനത്തിൽനിന്നും വിടുതൽ ചെയ്ത തീയ്യതി. | നികുതി ഈടാക്കേണ്ട വർഷം |
|---|---|---|---|---|
| 1 | ജയശ്രീ കെ.പി | ജി.വി.എച്ച്. എസ്.എസ്. കുറുമാത്തൂർ | 23-06-2016 | 2016-17 ഒന്നാം അർദ്ധവർഷം |
| 2 | മുരളീധരൻ പി.പി. ഫാം സൂപ്രണ്ടന്റ് | കുരുമുളക് ഗവേഷണ കേന്ദ്രം | 30-06-2016 | 2016-17 ഒന്നാം അർദ്ധവർഷം |
| 3 | ടി.വി.അരവിന്ദാക്ഷൻ പ്രിൻസിപ്പാൾ | വികസനപരിശീലന കേന്ദ്രം | 05-07-2016 (റിട്ടയർ ചെയ്തു) | 2016-17 ഒന്നാം അർദ്ധവർഷം |
| 4 | രതീഷ് കുമാർ പി.പി. | ഗവ.ഐ.ടി.ഐ,കുറുമാത്തൂർ | 25-08-2016 | 2016-17 |

| | | | | |
|---|---|---|---|---|
| | ജൂനിയർ സൂപ്രണ്ടന്റ് | | | ഒന്നാം അർദ്ധവർഷം |

സ്ഥലം മാറിപ്പോയ ജീവനക്കാർ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. അല്ലെങ്കിൽ ബന്ധപ്പെട്ടവരിൽനിന്ന് തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

3.നികുതി ഇളവ് ലഭിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നില്ല.

ഭിന്നശേഷി ഉള്ള ജീവനക്കാർക്ക് നികുതി ഇളവ് ലഭിക്കുന്നതിന് ഭിന്ന ശേഷി തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ അപേക്ഷയോടൊപ്പം ഹാജരാക്കുന്നില്ല.

ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | ജീവനക്കാരൻ/തസ്തിക |
|---|---|---|
| 1 | ജില്ലാ കൃഷിത്തോട്ടം | പ്രജിത സി.<br>ക്ലർക്ക് |
| 2 | വികസന പരിശീലന കേന്ദ്രം | സത്യവതി കെ.വി.<br>സീനിയർ ക്ലർക്ക് |

നികുതി ഇളവ് ലഭിക്കുന്നതിനായി ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നതിന് നിർദ്ദേശം നൽകേണ്ടതാണ്.

4.തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

ജീവനക്കാരിയിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്.

| സ്ഥാപനം | ജീവനക്കാരി/തസ്തിക | ഒരു അർദ്ധ വർഷത്തെ ആകെ വരുമാനം | ഒടുക്കിയ നികുതി | ഒടുക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|
| കണ്ണൂർ ഡിസ്.കോ-ഓപ്പറേറ്റീവ് ബാങ്ക് | ഷെൽന പി.കെ.<br>പി.ടി.എസ്. | 88584 | 600<br>1160140008<br>17-02-2017 | 750 | 150 |

കുറവ് വന്ന തുക ബന്ധപ്പെട്ട കക്ഷിയിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിവിധ പദ്ധതികൾക്ക് ചെലവഴിച്ച തുകകളുടെ കൈപ്പറ്റ് റസീറ്റുകൾ ലഭ്യമാക്കിയില്ല – 39,630 രൂപ തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചുവടെ കാണിച്ച പദ്ധതികൾ പ്രകാരം ചെലവഴിച്ച തുകകളിൽ വിവിധ സ്ഥാപനങ്ങളിലേക്ക് നൽകിയ ചുവടെ കാണിച്ച തുകകളുടെ റസീറ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല.

i) വൃദ്ധസദനം പകൽ വീടിന് ഇലക്ട്രിക് പോസ്റ്റ് സ്ഥാപിച്ച് വൈദ്യുതി ലഭ്യമാക്കൽ - 158/17

അടങ്കൽ - വികസനഫണ്ട് - 12,630 രൂപ

ആകെ ചെലവ് - 12,630 രൂപ

ബിൽ നം, തീയതി, തുക- 25/16.3.17 – 12,630 രൂപ

സ്ഥാപനം - കെ.എസ്.ഇ.ബി.

ii) തോടുകളിലെ മാലിന്യ നിർമാർജനം - 96/17

അടങ്കൽ - ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 2,00,000 രൂപ

ആകെ ചെലവ് - 1,13,725 രൂപ

ബിൽ നം, തീയതി, തുക- 30/24.3.17 – 27,000 രൂപ

സ്ഥാപനം - കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/16-17 തീയതി 28.6.17) റസീറ്റുകൾ ലഭിക്കുന്ന മുറക്ക് പരിശോധനക്ക് ലഭ്യമാക്കുന്നതാണ് എന്നാണ് മറുപടി നൽകിയത്. കൈപ്പറ്റ് റസീറ്റുകളുടെ അഭാവത്തിൽ രണ്ടു പദ്ധതികളിലുമായി ആകെ 39,630/- (12630 + 27000) രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 ടെണ്ടർ ബിലോ കുറച്ചതിൽ കുറവ് - 5931 രൂപ ഈടാക്കേണ്ടതാണ്.

നിർവ്വഹണം-അസിസ്റ്റൻറ് എഞ്ചിനീയർ

പ്രൊജക്റ്റിൻെറ പേര് -കണിച്ചാമൽ കുഴിപ്പാല റോഡ് താറിംഗ്

പ്രൊജക്റ്റ് നമ്പർ -138/17

അടങ്കൽ - 3,00,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

കരാറുകാരൻ -ശ്രീ. ഇ .പി. അജിത്

നിരക്ക്-15.1% ടെണ്ടർ ബിലോ

എം .ബുക്ക് നമ്പർ -12/17

ബിൽ നമ്പർ, തീയ്യതി - തുക -25/16-17,തീ .31-03-17,2,55,000 രൂ.

മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ തുക അനുവദിക്കുമ്പോൾ ആകെ പ്രവൃത്തി മൂല്യമായ 2,96,536 രൂപയിൽ നിന്നും ടെണ്ടർ നിരക്കായ 15.1% 44,777 രൂപ കുറക്കേണ്ടതിനു പകരം 13.1% 38,846രൂപ കുറച്ചതിനാൽ കരാറുകാരന് 5931 രൂപ കൂടുതൽ അനുവദിച്ചിട്ടുണ്ട്. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കൂടുതൽ അനുവദിച്ച തുക കരാറുകാരനിൽ നിന്നോ അല്ലാത്ത പക്ഷം അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-3 ഇ ടെണ്ടർ - ടെണ്ടർ ഫീസ് ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്യില്ല

ധനകാര്യവകുപ്പിന്റെ ജി.ഒ.(പി) 429/2015/ഫിൻ/28-09-2015 ഉത്തരവ് അനുസരിച്ച് 50000 മുതൽ 10 ലക്ഷം വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് അടങ്കൽ തുകയുടെ 0.2% തുകയാണ് (ഏറ്റവും കുറഞ്ഞത് 500 രൂപ, കൂടിയത് 2000 രൂപ).പത്ത് ലക്ഷത്തിന് മുകളിൽ ഒരു കോടി വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് 2500 രൂപയുമാണ്. ഓഡിറ്റിന് ലഭ്യമാക്കിയ ടെണ്ടർ രജിസ്റ്റർ അനുസരിച്ച് പഞ്ചായത്തിൽ 2016-17 വർഷം ഇ ടെണ്ടർ മുഖേന 16 പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിട്ടുണ്ട്. വിവിധ പ്രവൃത്തികൾക്കായി ഇ ടെണ്ടർ സമർപ്പിച്ച ഓരോ കരാറുകാരനും ഓൺലൈനായി ടെണ്ടർ ഫീസും വാറ്റും അടക്കമുള്ള തുക 55,300 രൂപ എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ പേരിലുള്ള സീറോ ബാലൻസ് അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്. പ്രസ്തുത ടെണ്ടർഫീസ് ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി -ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത അപേക്ഷകന് ആനുകൂല്യം അനുവദിച്ചു-₹ 2,910 നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | :ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി |
| പ്രൊജക്റ്റ് നമ്പർ | :159/17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | :ഡയറി ഫാം ഇൻസ്ട്രക്ടർ |
| അടങ്കൽ | :3,60,000 |
| ചെലവ്/ബിൽ നമ്പർ | :3,60,000<br>1/16-17 |

| | |
|---|---|
| ബിൽ തീയതി | :24-03-2017 |

കുറുമാത്തൂർ ഗ്രാമ പഞ്ചായത്തിലെ ക്ഷീര സംഘങ്ങളിൽ അളക്കുന്ന പാലിന് പരമാവധി മൂന്ന് രൂപ നിരക്കിൽ സബ്സിഡി തുക കർഷകരുടെ അക്കൗണ്ടിലേക്ക് നൽകുക എന്നതായിരുന്നു ഡയറിഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതിയുടെ ലക്ഷ്യം. 141 പേരടങ്ങുന്ന ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും 125 (പന്നിയൂർ ക്ഷീര സംഘം-73, കരിമ്പം ക്ഷീര സംഘം-52)പേർക്ക് ആനുകൂല്യം നൽകി.

കരിമ്പം ക്ഷീര സംഘം നൽകിയ ലിസ്റ്റിലെ ക്രമ നം.53 നഫീസ കെ., പാറോൻ ആനപ്പാൻ, പന്നിയൂർ എന്നവർ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഇവർക്ക് ആനുകൂല്യമായി അനുവദിച്ച ₹2,910 നിരാകരിക്കുന്നു.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/16-17 തിയ്യതി.27-06-2017) ലഭ്യമാക്കിയ മറുപടിയിലും നേരിട്ടും ഇക്കാര്യം ശ്രദ്ധക്കുറവ് മൂലം സംഭവിച്ചതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ 2910/- രൂപ തിരിച്ചുപിടിക്കേണ്ടതാണ്.

## 3-5 ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമായില്ല -ചെലവ് തുകയായ ₹1,00,000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | :ഹോമിയോ ആശുപത്രിക്ക് മരുന്ന വാങ്ങൽ |
| പ്രൊജക്റ്റ് നമ്പർ | :7/17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | :ഹോമിയോ ഡോക്ടർ |
| അടങ്കൽ | :₹1,00,000 /-( മെയിന്റനൻസ് ഫണ്ട് -റോഡിതരം) |
| ബിൽ നമ്പർ | :1/16-17 |
| ബിൽ തീയതി | :16-01-2017 |

മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പ്രൊജക്റ്റിൽ കേരള സ്റ്റേറ്റ് ഹോമിയോ പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി , ആലപ്പുഴയിൽ നിന്ന് 1,00,000 രൂപയുടെ ഹോമിയോ മരുന്ന് വാങ്ങുകയായിരുന്നു ലക്ഷ്യം. കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ആലപ്പുഴക്ക് 1,00,000 രൂപയുടെ ഡി.ഡി (ഡി.ഡി.നമ്പർ 010821/16-12-17 )അയക്കുകയും 21-01-2017 ൽ തുക അവർ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയായും കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി, ആലപ്പുഴയിൽ നിന്ന് മരുന്ന് ലഭ്യമായിട്ടില്ല. പ്രസ്തുത സ്ഥാപനവുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറിൽ ഏർപ്പെടുകയോ മരുന്ന് ലഭ്യമാക്കുന്നതിൽ കാലതാമസം ഒഴിവാക്കുന്നതിനായ് നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ചെലവ് തുകയായ ₹1,00,000 തടസ്സപ്പെടുത്തുന്നു.

## 3-6 നെൽകൃഷി വികസന പദ്ധതിയിലെ ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിൽ അപാകം

നിർവഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

| | | |
|---|---|---|
| പ്രോജക്ട് നം. | 79/17 | |
| അടങ്കൽ | വികസന ഫണ്ട് - 7,08,000<br>ജില്ലാ പഞ്ചായത്ത് - 2,55,000<br>ഗുണഭോക്തൃ വിഹിതം - 10,20,000<br>(നേരിട്ട് ചെലവഴിക്കുന്നത്)<br>ആകെ -19,83,000 | |
| ചെലവ് | ബിൽ നം., തീയതി | തുക |
| | GIA 1/16-17 – 24.12.16 | 5,95,000 |
| | GIA 2/16-17 – 9.3.17 | 1,13,000 |
| | ട്ര. ചെ. 2988841/28.3.17 | 2,55,000 |
| | ആകെ | 963000 |

കുറുമാത്തൂർ ഗ്രാമ പഞ്ചായത്തിലെ നെൽകർകഷർക്ക് പാടശേഖര സമിതി വഴി നെൽവിത്ത് നൽകുന്നതിനും കൂലിച്ചെലവിന് സബ്സിഡി നൽകുന്നതിനും വികസന ഫണ്ടിൽ 7,08,000 രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 2,55,000രൂപയും ഗുണഭോക്തൃ വിഹിതമായി നേരിട്ട് ചെലവഴിക്കുന്ന 10,20,000 രൂപയും ചേർത്ത് ആകെ 19,83,000 രൂപ വകയിരുത്തി തയ്യാറാക്കിയ പ്രോജക്ടാണിത്.

പ്രോജക്ട് പ്രകാരം 3200 കിലോ നെൽവിത്തിന് 1,13,000 രൂപയും 85 ഹെക്ടറിൽ കൃഷി

ചെയ്യുന്നതിന് 3,40,000 രൂപ ജൈവവളത്തിന് സബ്സിഡിയായും 5,10,000 കൂലിച്ചെലവായും പാടശേഖരസമിതി മുഖാന്തിരം നൽകാനാണ് വിഭാവനം ചെയ്തത്.

12 പാടശേഖര സമിതികൾ വഴി ധനസഹായം നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത്. എന്നാൽ പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ 6 പാടശേഖര സമിതികളും, 51 വ്യക്തികളുമാണ് ഉള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പട്ടികയിൽ ഉൾപ്പെട്ട 51 വ്യക്തികളും പാടശേഖര സമിതികളിൽ അംഗങ്ങളാണെന്നാണ് മറുപടി നൽകിയത്. പാടശേഖര സമിതികൾ മുഖാന്തിരം ധനസഹായം നൽകുന്നതിന് പ്രോജക്ട് തയ്യാറാക്കുമ്പോൾ ഗുണഭോക്തൃ പട്ടികയിൽ പാടശേഖര സമിതികളെ മാത്രം ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

ധനസഹായം നൽകിയ പാടശേഖര സമിതികളിൽ മുയ്യം, വൈത്തല, തീയ്യന്നൂർ എന്നീ പാടശേഖര സമിതികൾ മാത്രമേ രജിസ്റ്റർ ചെയ്തിട്ടുള്ളൂ. ഗ്രാമ പഞ്ചായത്തിലെ മുഴുവൻ പാടശേഖര സമിതികളെയും രജിസ്റ്റർ ചെയ്യിക്കേണ്ടതും ധനസഹായം അവർക്കുമാത്രം നൽകാനും ശ്രദ്ധിക്കേണ്ടതുമാണ്.

## 3-7 ഗ്രോബാഗും പച്ചക്കറി വിത്തും വിതരണം ചെയ്യൽ - മുൻഗണന മറികടന്ന് സഹായം നൽകി

നിർവഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

| | | |
|---|---|---|
| പ്രോജക്ട് നം. | 80/17 | |
| അടങ്കൽ | വികസന ഫണ്ട് - 57,500<br>ഗുണഭോക്തൃ വിഹിതം - 45,000<br>ആകെ -1,02,500 | |
| ചെലവ് | ചെക്ക് നം., തീയതി | തുക |
| | GIA 5/16-17 – 9.3.17 | 57,500 |
| | ചെ. നം. 1046410/ 18.3.17 | 45,000 |

| | | |
|---|---|---|
| | ആകെ | 102500 |

10 ഗ്രോ ബാഗുകളും അതിൽ നടുന്നതിന് 25 രൂപയുടെ വിത്തുകളും അടങ്ങുന്ന യൂണിറ്റുകൾ പരമാവധി രണ്ട് എണ്ണം ഒരു കുടുംബത്തിന് നൽകുന്നതിന് തയ്യാറാക്കിയ പ്രോജക്ടാണിത്. വിത്തിന് 100% സബ്സിഡിയും ഗ്രോ ബാഗിന് 50% സബ്സിഡിയും നൽകുന്നു. ഇതു പ്രകാരം ആകെ 265 കുടുംബങ്ങൾക്ക് ഗ്രോ ബാഗുകളും വിത്തുകളും നൽകുന്നതിന് വികസന ഫണ്ടിൽ നിന്നും 57,500 രൂപ RAIDCO Kannur ന്റെ തളിപ്പറമ്പ് UTI ബാങ്കിലെ 1001136000001 നം. അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ഗുണഭോക്തൃ വിഹിതമായി 45,000 രൂപ നൽകിയിട്ടുമുണ്ട് (റസീറ്റ് നം. 498/21.3.17).

പദ്ധതിക്കുള്ള ഗുണഭോക്തൃ പട്ടികയിൽ ആകെ 396 പേരാണ് ഉൾപ്പെട്ടത്. ഇതിൽ 265 പേർക്കാണ് ഗ്രോ ബാഗുകളും വിത്തുകളും നൽകിയിട്ടുള്ളത്. ഗുണഭോക്തൃ പട്ടികയിലെ ക്രമ നമ്പർ മറികടന്നുകൊണ്ട് സഹായം നൽകിയതായി കാണുന്നു.

ഉദാ:

1. ശോഭ സതീഷ് - ക്രമ നം. 266

2. കൊയിലേരി പവിത്രി - ക്രമ നം. 292

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/16-16 തീയതി 24.6.17)നൽകിയ മറുപടിയിൽ ഗുണഭോക്താവിനെ പല പ്രാവശ്യം അറിയിച്ചിട്ടും ഗുണഭോക്തൃവിഹിതം അടക്കാനും ഗ്രോബാഗ് കൈപ്പറ്റാനും തയ്യാറാകാത്തതിനാലാണ് മുൻഗണന മറികടന്നതെന്നാണ് പറഞ്ഞത്. ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട ഒരു ഗുണഭോക്താവിനെ ഒഴിവാക്കി അടുത്ത ഗുണഭോക്താവിന് സഹായം നൽകുമ്പോൾ പ്രസ്തുത ഗുണഭോക്താവ് അയോഗ്യനായതുകൊണ്ടാണ് ഒഴിവാക്കിയതെങ്കിൽ ഗ്രാമസഭയുടെ അംഗീകാരം വാങ്ങേണ്ടതും സ്വയം ഒഴിവാകുകയാണെങ്കിൽ സമ്മതപത്രം വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.

## 3-8 ഗാർഹിക പൈപ്പ് കമ്പോസ്റ്റ് വിതരണം - വികസന ഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ച 8,400 രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

നിർവഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| | |
|---|---|
| പ്രോജക്ട് നം | 155/17 |
| അടങ്കൽ | ശുചിത്വ മിഷൻ വിഹിതം - 4,05,000<br>ഗുണഭോക്തൃ വിഹിതം- 90,000<br>ആകെ-4,95,000 |

| | | |
|---|---|---|
| | | |
| ചെലവ് | ബിൽ നം., തീയതി | തുക |
| | ചെ. നം. 65531/8.12.16 | 2,02,500 |
| | അക്കൗണ്ട് ട്രാൻസ്ഫർ | 40,130 |
| | ട്ര. ചെക് 1046412/18.3.17 | 35,870 |
| | ചെ. നം. 65532/23.3.17 | 1,60,500 |
| | ആകെ | 4,39,000 |

2014-15 വർഷത്തിൽ വികസന ഫണ്ട് വിഹിതം 1,35,000 രൂപ, ശുചിത്വ മിഷൻ വിഹിതം 6,75,000 രൂപ, ഗുണഭോക്തൃ വിഹിതം 90,000 രൂപ എന്നിവ വകയിരുത്തി 1,000 ഗുണഭോക്താക്കൾക്ക് ഗാർഹിക പൈപ്പ് കമ്പോസ്റ്റ് വിതരണം ചെയ്യുന്നതിന് തയാറാക്കിയ പ്രോജക്ടാണിത് . മുൻ വർഷങ്ങളിൽ ഉൾപ്പെടെ ചെലവഴിച്ച തുക ചുവടെ കൊടുക്കുന്നു.

| വർഷം | ഫണ്ട് | തുക |
|---|---|---|
| 2014-15 | വികസന ഫണ്ട് | 1,35,000 |
| 2015-16 | ശുചിത്വ മിഷൻ | 2,70,000 |

| | | |
|---|---|---|
| 2016-17 | ശുചിത്വ മിഷൻ | 3,63,000 |
| | ഗുണഭോക്തൃ വിഹിതം | 76,000 |

ആകെ 1,000 ഗുണഭോക്താക്കൾക്ക് ഗാർഹിക പൈപ്പ് കമ്പോസ്റ്റ് വിതരണം ചെയ്തിട്ടുണ്ട്. RAIDCO യുടെ 29.3.17 ലെ 1569 നം. കാഷ് ബിൽ പ്രകാരം ഒരു പൈപ്പ് കമ്പോസ്റ്റിന്റെ വില 844രൂപയാണ്. 11.1.2016 ലെ 4/2016/തസ്വഭവ സബ്സിഡി മാർഗരേഖയിലെ അനുബന്ധം 15പ്രകാരം ആകെ നൽകാവുന്ന തുക ചുവടെ കൊടുക്കുന്നു.

| ഫണ്ട് | ശതമാനം | നൽകേണ്ട തുക | നലകിയ തുക |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് വിഹിതം | 15 | (844 x 1000 ) x .15 = 1,26,600 | 1,35,000 |
| ശുചിത്വ മിഷൻ | 75 | (844 x 1000 ) x .75 = 633,000 | 6,33,000 |
| ഗുണഭോക്തൃ വിഹിതം | 10 | (844 x 1000 ) x .1 = 84,400 | 76,000 |
| ആകെ | | 8,44,000 | 8,44,000 |

ഗ്രാമപഞ്ചായത്ത് വിഹിതമായി വികസന ഫണ്ട് നിന്നും 1,26,600 ക്ക് പകരം 1,35,000 രൂപയാണ് 2014-15-ൽ ചെലവഴിച്ചത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ(2/16-17 തീയതി 21.6.17) മറുപടിയിൽ ശ്രദ്ധക്കുറവ് മൂലം സംഭവിച്ച പിഴവാണെന്നും യഥാർത്ഥത്തിൽ ഗുണഭോക്തൃ വിഹിതത്തിൽ നിന്നും ചെലവഴിക്കുന്നതിന് പകരം വികസന ഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ച 8,400 രൂപ ഗുണഭോക്തൃ വിഹിതത്തിൽ നിന്നും കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കാമെന്നും അറിയിച്ചിട്ടുണ്ട്. ഈ തുക തിരിച്ചടച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഗുണഭോക്തൃ വിഹിതം കൂടുതൽ പിരിച്ചെടുത്തു

ഗുണഭോക്താക്കളിൽ നിന്നും വിഹിതമായി ആകെ 84,400 രൂപയാണ് പിരിച്ചെടുക്കേണ്ടിയിരുന്നത്. എന്നാൽ 90,000 രൂപ പിരിച്ചെടുത്തിട്ടുണ്ട്. ഗുണഭോക്താക്കളിൽ നിന്നും ആവശ്യത്തിൽ കൂടുതൽ തുക പിരിച്ചെടുക്കുന്നത് ശരിയായ നടപടിയല്ല. ഭാവിയിൽ ഇത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതി പൂർത്തീകരണത്തിന് കാലതാമസം

2014-15 ൽ ആരംഭിച്ച ഈ പ്രോജക്ട് പൂർത്തീകരിക്കാൻ 2016-17 വരെ കാലതാമസം വന്നിട്ടുണ്ട്. ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതം അടക്കാൻ തയ്യാറാകാത്തതിനാലാണ്

നിർവഹണത്തിൽ കാലതാമസം വന്നത് എന്നാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയത്. ഗുണഭോക്തൃ വിഹിതം അടക്കാൻ തയ്യാറാകാത്ത ഗുണഭോക്താക്കളെ ഒഴിവാക്കി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 ഇ . എം . എസ് ഭവന നിർമാണം - പൂർത്തിയാക്കാത്ത ഗുണഭോക്താക്കളിൽ നിന്നും കൈപ്പറ്റിയ തുക പലിശ സഹിതം ഈടാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

നിർവഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

2009-10 ൽ ആരംഭിച്ച ഇ.എം.എസ് ഭവന നിർമാണ പദ്ധതിയിൽ ധനസഹായം ലഭിച്ച ചുവടെ കാണിച്ച ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമാണം പൂർത്തിയാക്കിയിട്ടില്ല.

| ഗുണഭോക്താവ് | ആകെ കൈപ്പറ്റിയ തുക | അവസാനം കൈപ്പറ്റിയ തുക | അവസാനം കൈപ്പറ്റിയ തീയതി | നിലവിലെ സ്ഥിതി |
|---|---|---|---|---|
| നാരായണി മരുതിയോട് വളപ്പിൽ | 10,000 | 10,000 | 19.3.2010 | ആരംഭിച്ചിട്ടില്ല |
| രോഹിണി എം, മുത്തർ | 10,000 | 10,000 | 19.3.2010 | ആരംഭിച്ചിട്ടില്ല |
| ആമിന നണിശേരിക്കണ്ടി | 10,000 | 10,000 | 10,000 | ആരംഭിച്ചിട്ടില്ല |

ഭവന നിർമാണത്തിന് 75,000 രൂപ ആകെ ധനസഹായം വകയിരുത്തിയത് പ്രകാരം മേൽ ഗുണഭോക്താക്കൾ 10,000 രൂപ വീതമാണ് കൈപ്പറ്റിയത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ(2/16-17 തീയതി 21.6.17) മറുപടിയിൽ നാരായണി മരുതിയോട് വളപ്പിൽ, ആമിന നണിശേരിക്കണ്ടി എന്നീ ഗുണഭോക്താക്കൾക്ക് പല തവണ നേരിട്ടും കത്തു മുഖേനയും അറിയിപ്പ് നൽകിയിട്ടും പണി ആരംഭിച്ചില്ല എന്നും ആയതിനാൽ റവന്യൂ റിക്കവറി അടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഭരണ സമിതിക്ക് ശുപാർശ നൽകിയിട്ടുണ്ട് എന്നും, രോഹിണി എം, മുത്തർ എന്ന ഗുണഭോക്താവ് കൈപ്പറ്റിയ അഡ്വാൻസ് തിരിച്ചടക്കുന്നതിന് സർക്കാരിലേക്ക് അനുവാദം തേടിയിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. മേൽ ഗുണഭോക്താക്കളിൽ നിന്നും കൈപ്പറ്റിയ തുക പലിശ സഹിതം ഈടാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 3-10 സമൃദ്ധി 2017 - ഗ്രാമ പഞ്ചായത്ത് നൽകിയ 1,00,000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലെ ജനങ്ങൾക്കായി സുസ്ഥിര ജീവനോപാധിസംരംഭങ്ങളുടെ പ്രദർശനവും പരിശീലനവും 15.1.2017 ന് മാങ്ങാട്ടുപറമ്പിലുള്ള കണ്ണൂർ എഞ്ചിനീയറിംഗ് കോളേജിൽ വച്ച് നടത്തിയിരുന്നു. സ.ഉ (സാധാ)100/17/ത.സ്വ.ഭവ. തീയതി 12.1.17 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ടിൽ നിന്നും ഈ ആവശ്യത്തിനായി 1,00,000 രൂപ സംഘാടക സമിതിക്ക് നൽകുന്നതിന് അനുമതിയാകുകയും കൺവീനറിൽ നിന്ന് ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം വാങ്ങേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

ഭരണസമിതിയുടെ 6.2.17 ലെ 31/17(1) നമ്പർ തീരുമാന പ്രകാരം സിണ്ടിക്കേറ്റ് ബാങ്കിന്റെ മാങ്ങാട്ടുപറമ്പ് ശാഖയിലെ 42342200145580 നമ്പർ അക്കൗണ്ടിലേക്ക് 23.2.17 ന് 1,00,000 രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഈ തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ഓഡിറ്റിന് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/16-17 തീയതി 28.6.17) വിനിയോഗ സാക്ഷ്യപത്രത്തിന് അപേക്ഷിച്ചിട്ടുണ്ടെന്നും ലഭിക്കുന്ന മുറക്ക് പരിശോധനക്ക് ലഭ്യമാക്കുന്നതാണ് എന്നുമാണ് മറുപടി നൽകിയത്. വിഭാവനം ചെയ്ത രീതിയിൽ ഈ പദ്ധതി നടപ്പായോ എന്ന കാര്യം വ്യക്തമാക്കേണ്ടതും വിനയോഗ സാക്ഷ്യപത്രം ഹാജരാക്കുകയും ചെയ്യേണ്ടതാണ്.

## 3-11 വ്യക്തിഗത കക്കൂസ് നിർമാണം - സ്വച്ഛ് ഭാരത് മിഷൻ വിഹിതം 2,01,600 രൂപ വികസന പദ്ധതികൾക്ക് തുടർവർഷങ്ങളിൽ വിനിയോഗിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| | | |
|---|---|---|
| പ്രോജക്ട് നം | 13/17 | |
| അടങ്കൽ | വികസന ഫണ്ട്- 6,46,800 | |
| ചെലവ് | ബിൽ നം., തീയതി | തുക |
| | 1/16-17 – 27.9.16 | 6,46,800 |

സംസ്ഥാനത്തിലെ ഗാർഹിക കക്കൂസ് ഇല്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് അനുവദിക്കുന്നതിനായി സ.ഉ.(സാധാ)1773/2016/തസ്വഭവ തീയതി 27.5.16 പ്രകാരം പദ്ധതി തയ്യാറാക്കി നടപ്പാക്കിയിട്ടുണ്ട്. ബേസ് ലൈൻ സർവേ പ്രകാരം ഗാർഹിക കക്കൂസ്

ഇല്ലാത്തതായി കണ്ടെത്തിയ 42 ഗുണഭോക്താക്കൾക്ക് പദ്ധതി പ്രകാരം സഹായം അനുവദിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം 12,000 രൂപ സ്വച്ഛ് ഭാരത് മിഷൻ വിഹിതവും 3,400 രൂപ ഗ്രാമ പഞ്ചായത്ത് വിഹിതവുമായാണ് നൽകേണ്ടിയിരുന്നത്. കൂടാതെ സ്വച്ഛ് ഭാരത് മിഷൻ വിഹിതം ലഭിക്കാൻ താമസം വരുന്ന പക്ഷം വികസന ഫണ്ടിൽ നിന്നോ തനതു ഫണ്ടിൽ നിന്നോ ചെലവഴിച്ച് സ്വച്ഛ് ഭാരത് മിഷൻ വിഹിതം ലഭിക്കുമ്പോൾ തിരികെ അടക്കാനും നിർദ്ദേശിച്ചിരിക്കുന്നുണ്ട്.

ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം ചെലവായ തുക വികസന ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചത്. കണ്ണൂർ ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്ററുടെ 25.1.2017 ലെ B/2454/04 നമ്പർ തീരുമാന പ്രകാരം സ്വച്ഛ് ഭാരത് മിഷൻ വിഹിതമായി 2,01,600 രൂപ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ തളിപ്പറമ്പ് ശാഖയിലെ 57043439922 നമ്പർ അക്കൗണ്ടിലേക്ക് വരവ് വന്നിട്ടുണ്ട്. 25.07.2016-ലെ G.O.(MS)2235/16/LSGD ഉത്തരവ് പ്രകാരം IKM സോഫ്റ്റ് വെയറിൽ ക്രമീകരണം നടത്തുന്നമുറക്ക് അധിക വിഭവമായി വികസന പദ്ധതിക്ക് വിനിയോഗിക്കാവുന്നതാണ്. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-12 ക്യാൻസർ നിർണയ ക്യാമ്പും ബോധവൽക്കരണ പ്രവർത്തനങ്ങളും - അംഗീകരിച്ച പ്രോജക്ടിനനുസരിച്ചല്ല നിർവ്വഹണം നടത്തിയത്

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

| | | |
|---|---|---|
| പ്രോജക്ട് നം. | 12/17 | |
| അടങ്കൽ | തനതു ഫണ്ട് - 50,000 | |
| ചെലവ് | ചെക്ക് നം., തീയതി | തുക |
| | 1046380/2.3.17 | 50,000 |

പന്നിയൂർ, കുറുമാത്തൂർ വില്ലേജുകളിൽ ക്യാൻസർ നിർണയ സ്ക്രീനിംഗ് ക്യാമ്പുകൾ നടത്തുന്നതിന് 17,500 രൂപ വീതവും പിന്നീട് ഇവർക്ക് ഫോളോ അപ് ക്യാമ്പ് കുറുമാത്തൂർ പി.എച്ച്.സി. യിൽ വച്ച് നടത്തുന്നതിന് 15,000 രൂപയും ചേർത്ത് ആകെ 50,000 രൂപ തനതു ഫണ്ടിൽ വകയിരുത്തിയ പ്രോജക്ടാണിത്. എന്നാൽ പ്രോജക്ട് വിഭാവനം ചെയ്ത രീതിയിലല്ല നിർവഹണം നടത്തിയത്.

രണ്ട് വില്ലേജുകളിൽ സ്ക്രീനിംഗ് ക്യാമ്പുകൾ നടത്തുന്നതിന് പകരം 'ആശാ വർക്കർ'

മാരെക്കൊണ്ട് സർവേ നടത്തിയാണ് രോഗികളായവരെ കണ്ടെത്തിയത്. ഇവർക്ക് വേണ്ടിയുള്ള ഒരു ക്യാമ്പ് മാത്രമാണ് നടത്തിയത്. കൂടാതെ 16.1.17, 17.1.17, 18.1.17 തീയതികളിൽ സർവേ നടത്തിയതിന് 34 'ആശാ വർക്കർ' മാർക്ക് 200 രൂപ വീതം ആകെ 6,800 രൂപ നൽകിയിട്ടുണ്ട്. കൂടാതെ ക്യാമ്പ് നടത്തിയ 7.2.17ൽ 12 'ആശാ വർക്കർ' മാർക്ക് 200 രൂപ വീതം ആകെ 1,200 രൂപ നൽകിയിട്ടുണ്ട്. ഈ തുകകൾ പ്രോജക്ടിൽ വകയിരുത്താത്തതാണ്.

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ പരിചയ സമ്പന്നരായ ഡോക്ടർമാരുടെ ലഭ്യതക്കുറവും ഓരോ ക്യാമ്പിലും ലാബ് സൗകര്യം ഒരുക്കുന്നതിന് പ്രയാസമുള്ളതിനാലും തലശ്ശേരി മലബാർ കാൻസർ കെയർ സെന്ററിന്റെ നിർദേശപ്രകാരമാണ് ആശാപ്രവർത്തകർക്ക് പരിശീലനം നൽകി വീടുകൾ സന്ദർശിച്ച് രോഗമുണ്ടെന്ന് സംശയിക്കുന്നവരെ കണ്ടെത്തി ക്യാമ്പിലെത്തിച്ചത് എന്നും സർവേ നടത്തിയ 'ആശാ വർക്കർ' മാർക്ക് പ്രതിഫലമായല്ല, യാത്രാച്ചെലവിനും ഭക്ഷണച്ചെലവിനുമാണ് മേൽ തുക നൽകിയത് എന്നുമാണ് അറിയിച്ചത്.

ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പാക്കുമ്പോൾ പ്രായോഗികമായ രീതിയിൽ പ്രോജക്ട് തയ്യാറാക്കാനും അംഗീകാരം ലഭിച്ച പ്രോജക്ടിന് അനുസരിച്ച് മാത്രം നിർവഹണം നടത്താനും ശ്രദ്ധിക്കേണ്ടതാണ്.

## 3-13 വിനിയോഗിക്കാൻ ബാക്കിയുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ തിരിച്ചടക്കേണ്ടതാണ്.

2016-17വർഷത്തെ ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂൾ പ്രകാരം വിവിധ ഇനങ്ങളിലായി ചുവടെ കാണിച്ച ഗ്രാന്റുകൾ വിനിയോഗിക്കാൻ ബാക്കിയുണ്ട്.

| ക്രമ നം. | ഫണ്ട് | നീക്കിയിരിപ്പ് | റിമാർക്സ് |
|---|---|---|---|
| 1 | സംയുക്ത പദ്ധതികൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 4,79,712 | 72,799 രൂപ 2011-12 ലെ പദ്ധതിയിൽ ബാക്കിയുള്ളത് |
| | | | 4,06,913 രൂപ പദ്ധതി തുടരുന്നുണ്ട്. |
| 2 | സംയുക്ത പദ്ധതികൾക്ക് ജില്ലാ പഞ്ചായത്ത് വിഹിതം | 3,67,500 | 2006-07, 2010-11 വർഷങ്ങളിലെ പദ്ധതികളുടെ നീക്കിയിരിപ്പ് |
| 3 | ഗുണഭോക്തൃ വിഹിതം | 17,128 | 8,400 രൂപ ഗു.വിഹിതത്തിന് |

| | | | |
|---|---|---|---|
| | | | പകരം വികസന ഫണ്ട് ചെലവഴിച്ചത് |
| | | | 8,728 രൂപ ഗുണഭോക്തൃ വിഹിതം അധികമായി പിരിച്ചെടുത്തത് |
| 4 | എം. പി.യുടെ പ്രാദേശിക വികസന ഫണ്ട് | 21,143 | 2013-14 ലെ പദ്ധതി പൂർത്തീകരിച്ചതിൽ നീക്കിയിരിപ്പുള്ളത് |
| 5 | സംസ്ഥാന ശുചിത്വ മിഷൻ | 6,17,180 | 2,01,600 രൂപ ODF പദ്ധതി വിഹിതം |
| 6 | സർവ ശിക്ഷ അഭിയാൻ | 1,76,889 | 2012-13 ലെ പദ്ധതിയുടെ നീക്കിയിരിപ്പ് |
| 7 | സംയോജിത നീർത്തട പരിപാലന പദ്ധതി | 2,23,685 | 2010-11 ൽ ലഭിച്ചത് പദ്ധതി നടപ്പാക്കിയില്ല |
| 8 | പശ്ചിമ ഘട്ട വികസന പദ്ധതി | 1,77,934 | നടപ്പാക്കി വരുന്നു. |
| 9 | പൈക്ക | 64,875 | പൂർത്തീകരിച്ചതിൽ നീക്കിയിരിപ്പുള്ളത് |
| 10 | മറ്റ് ഗവഃ ഏജൻസികളിൽ നിന്നുള്ള ഗ്രാന്റ് | 25000 | 'വിമുക്തി' പദ്ധതിക്കായി എക്സൈസ് വകുപ്പിൽ നിന്നും ലഭിച്ചത് |

| | | | |
|---|---|---|---|
| 11 | NREGA ഫണ്ട് | 1720 | നീക്കിയിരിപ്പുള്ളത് |
| 12 | ICDS കേന്ദ്രവിഹിതം | 260023 | പദ്ധതി തുടരുന്നു. |

ബാക്കിയുള്ള തുകകൾക്ക് പദ്ധതികൾ നിലവിലുണ്ടങ്കിൽ ആയവ പൂർത്തീകരിക്കാനും പദ്ധതികൾ പൂർത്തീകരിച്ചതിൽ നീക്കിയിരിപ്പുള്ള/വിനിയോഗിക്കാത്ത തുകകൾ അതാത് അക്കൗണ്ടുകളിൽ തിരിച്ചടക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം :

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 255000 | നെൽകൃഷി വികസനപദ്ധതി പ്രൊജക്ട്. 79/17 | 255000 | - |
| 2 | ജില്ലാ പഞ്ചായത്ത് | 135000 | നെൽകൃഷി വികസനപദ്ധതി പ്രൊജക്ട്. 33/17(സ്പില് ഓവർ) | 135000 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|---|
| KWA | അംഗൻവാടി കടിവെള്ള കണക്ഷൻ (പ്രൊജ.24/17) | | 30000 | 29893 | യു സി ലഭിച്ചിട്ടില്ല | |

| | | | | | | |
|---|---|---|---|---|---|---|
| GWD | കുഴല്കിണർ റിപ്പയർ (പ്രൊജ.75/17) | | 127400 | 27952 | യു സി ലഭിച്ചു | എസ്റ്റിമേറ്റ് പ്രകാരം മുഴവൻ തുകയും നല്കി.ബാക്കി തുക ട്രഷറിയിൽ അടവാക്കി. |
| KSEB | പഞ്ചായത്ത് റോഡിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (പ്രൊജ.92/17) | | 197300 | 197300 | യു സി ലഭിച്ചിട്ടില്ല | |
| KSEB | വൃദ്ധസദനം പകല് വീടിന് ഇലക്ട്രിക് പോസ്റ്റ് സ്ഥാപിച്ച് വൈദ്യുതി ലഭ്യമാക്കൽ | | 12630 | 12630 | യു സി ലഭിച്ചിട്ടില്ല | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| ക്രമ നമ്പർ | വായ്പയുടെ ഉദ്ദേശ്യം/ വായ്പ അനുവദിച്ച സ്ഥാപനം/ ഉത്തരവ് നമ്പര | വായ്പാ തുക | തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| | ഇ എം എസ് ഭവന പദ്ധതി | 1,21,95,000 | 30,02,633 | - | - | 30,02,633 |

| | | | | | | |
|---|---|---|---|---|---|---|
| | കുറുമാത്തൂർ സർവ്വീസ് സഹകരണ ബേങ്ക് ലിമിറ്റഡ് 274/10 , തീയ്യതി 27.01.2010 | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| വർഷം | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 20000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 20000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം |
|---|---|---|
| മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോ-ഓപ് സൊസൈറ്റി ലിമിറ്റഡ് | 20000 | സർട്ടിഫിക്കറ്റ് നമ്പർ 222/17.02.2015 |

## 4-6 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് | ഭാഗം / | ഈടാക്കിയ | ഒടുക്കിയ ആളുടെ പേർ, | രശീത് |
|---|---|---|---|---|

| വർഷം | ഖണ്ഡിക | തുക ₹ | ഉദ്യോഗപ്പേരി | നമ്പർ തീയ്യതി |
|---|---|---|---|---|
| 2008-09 | 2-4 | 250 | കെ പി അഹമ്മദ് ബഷീർ | 11601101140 / 18.06.2016 |
| 2008-09 | 3-24(1) | 1308 | വി രഞ്ജിത്ത് | 11601101322 / 30.06.2016 |
| 2012-13 | 3-(7) | 4706 | എൻ പുഷ്പരാജൻ | 11601500016 / 23.07.2016 |
| 2013-14, 2014-15 | 3-12(1) | 1000 | അനിൽകുമാർ പി ബി | 11601102526 / 09.09.2016 |
| 2013-14, 14-15 | 3-12(3) | 1175 | അനിൽകുമാർ പി ബി | 11601102527 / 09.09.2016 |
| 2013-14, 14-15 | 2-2(5) | 10875 | കെ പി അസ്സൻ | 11601102787 / 29.09.2016 |
| 2013-14, 14-15 | 2-2(1) | 125 | വി വി നാരായണൻ | 11601103031 / 17.10.2016 |
| 2013-14, 14-15 | 3-12(40) | 11988 | എ ഇ എൽഎസ് ജിഡി | 11601103543 / 07.11.2016 |
| 2013-14, 14-15 | 2-2(2) | 875 | റീജിയണൽ മേനേജർ,മാവേലിസ്റ്റോർ, സപ്ലൈക്കോ | 11601103551 / 07.11.2016 |
| 2013-14, 14-15 | 2(1) | 6240 | സെക്രട്ടറി, കരിമ്പം ക്ഷീരോൽപാദക സഹകരണ സംഘം | 11601103802 / 24.11.2016 |
| 2013-14, 14-15 | 3-11(b) | 1424 | ടി വി ഉണ്ണികൃഷ്ണൻ | 11601104196 / 16.12.2016 |
| 2013-14, 2014-15 | 2-2(6) | 5550 | സി പി ശാഹുൽ ഹമീദ് | 11601104829 / 25.01.2017 |

| | | | | |
|---|---|---|---|---|
| 2013-14, 14-15 | 2-2(3) | 1500 | കെ കെ മോഹനൻ | 11601102565 / 19.09.2016 |
| ആകെ | | 47,016 | | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

വാർഷിക ധനകാര്യ പത്രികയിലെ റസിറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഇനം | തുക |
|---|---|
| തൻവർഷത്തെ വരവ് | 4,63,73,375.00 |
| തൻവർഷത്തെ ചെലവ് | 4,24,65,679.52 |
| വരവ് നഷ്ടം | 7,037.00 |
| ചെലവ് നഷ്ടം | 8,841.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,39,630.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 | 6,887 | | ഷാനവാസ്. എം.പി., സെക്രട്ടറി |
| 2-2 | 150 | | ഷാനവാസ്. എം.പി., സെക്രട്ടറി |
| 3-2 | | 5931 | നിഷ വി.വി., അസി.എഞ്ചിനീയർ |
| 3-4 | | 2910 | അശ്വതി കെ.ജെ., ഡയറി ഫാം ഇൻസ്ട്രക്ടർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 39,630 | ഷാനവാസ്. എം.പി., സെക്രട്ടറി |
| 3-5 | 1,00,000 | ഡോ. സുനിൽ രാജ്, മെഡിക്കൽ ഓഫീസർ, ഹോമിയോ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷാനവാസ്. എം.പി., സെക്രട്ടറി | സെക്രട്ടറി, കുറുമാത്തൂർ ഗ്രാമ പഞ്ചായത്ത് | അൽ ഫാരിസ്, സർ സെയ്ദ് കോളേജിന് സമീപം, വേളിപ്പാറ, കരിമ്പം പി.ഒ |
| അശ്വതി കെ.ജെ., ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ, തളിപ്പറമ്പ് ബ്ലോക്ക് ഓഫീസ്, കരിമ്പം | ഐശ്വര്യ, പാലക്കുളങ്ങര, നിയർ ചിന്മയ വിദ്യാലയ, പിൻ 670141 |
| നിഷ വി.വി. അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് | മുള്ളിക്കോട്ട്, വരഡൂൽ, മയ്യം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം |
|---|---|---|
| 2004-05 | എൽ.എഫ്/കെഎൻആർ/സി4-1004/09 തീയ്യതി 22-12-2009 | 6 |
| 2005-06 | എൽ.എഫ്/കെഎൻആർ/സി4-1003/09 തീയ്യതി 22-12-2009 | 1 |
| 2006-07 | എൽ.എഫ്/കെഎൻആർ/സി4-1395/09, തീയ്യതി 26-12-2009 | 4 |
| 2007-08 | എൽ.എഫ്/കെഎൻആർ/സി5-162/12, തീയ്യതി 03-04-2012 | 3 |
| 2008-09, 2009-10, 2010-11 | എൽ.എഫ്/കെഎൻആർ/സി6-387/13(1) തീയ്യതി 20-04-2013 | 24 |
| 2011-12 | എൽ.എഫ്/കെഎൻആർ/സി6-612/14, തീയ്യതി 18-11-2014 | 15 |
| 2012-13 | എൽ.എഫ്/കെഎൻആർ/സി6-1082/15, തീയ്യതി 16-02-2009 | 20 |
| 2013-14, 2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി 6- 1213/2016 തീയ്യതി 01-08-2016 | 20 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി 5- 2044/2016 തീയ്യതി 07-12-2016 | 13 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ.കെ.എൻ.ആർ./സി.3/1124/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

തീയ്യതി :10.08.2017.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് ,1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ കുറുമാത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ് മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുറുമാത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക,വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു

ഡെപ്യൂട്ടി ഡയറക്ടർ

AUDIT CERTIFICATE

No. KSA/KNR/C.3/1124/2017

Kerala State Audit Department

District Audit Office,kannur,

Phone.0497-2707698

E-Mail.doknr.ksad@kerala.gov.in

Date.10.08.2017

Certified that I have audited the Annual Financial Statement of Kurumathoor Grama Panchayat in Kannur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion,the Financial Statements of Kurumathoor Grama panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director

## അനുബന്ധം-2

# Receipt and Payment Statement

RECEIPT AND PAYMENT STATEMENT OF KURUMATHOOR GRAMAPANCHAYATH FOR THE PERIOD FROM 1-4-2016 TO 31-3-2017

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 22662767.52<br>151670.00 |
| | Receipts | | |
| 110000000 | Tax Revenue | RP-1 | 1163130.00 |
| 130000000 | Rental Income from panchayat properties | RP-3 | |
| 140000000 | Fees & User Charges | RP-4 | 512429.00 |
| 150000000 | Sale & Hire Charges | RP-5 | 351469.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | |
| 170000000 | Income from Investment | RP-7 | 10104401.00 |
| 171000000 | Interest Earned | RP-9 | 200478.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 26453374.00 |
| 350000000 | Other liabilities | RP-36 | 939825.00 |
| Non operating | | | |
| 180000000 | Other Income | RP-10 | 335.00 |

| | | | |
|---|---|---|---|
| 310000000 | Panchayath Fund | RP-28 | 0 |
| 311000000 | Earmarked Funds | RP -29 | 43257.00 |
| 340000000 | Deposits Received | RP-34 | 179944.00 |
| 350000000 | Other Liabilities | RP-36 | 383951.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 5002357.00 |
| 460000000 | Loans, Advances and Deposits | RP-47 | 1038425.00 |
| Grand Total | | | 69187812.52 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 1999561.00 |
| 220000000 | Administrative Expenses | RP-12 | 760562.00 |
| 230000000 | Operations & Maintenance | RP-13 | 853917.00 |
| 250000000 | Decentralised Plan Programme-productive Sector | RP-15 | 3716160.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 11510925.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 656104.00 |
| 253000000 | Decentralised Plan Programme-projects not included in sector | RP-18 | 83490.00 |
| 254000000 | Expenditures of transferred institutions and state sponsored schemes | RP-19 | 1279200.00 |
| 255000000 | Maintance Projects | RP-20 | 5243852.00 |
| 256000000 | Other Revenue Grants & Funds- Revenue Expenses | RP-21 | |
| 260000000 | Grants, Contributions & Compensations from Own Fund | RP-22 | 100000.00 |
| 280000000 | Prior Perid Items | RP-26 | -106785.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 511305.00 |
| 350000000 | Othes Liabilities | RP-36 | 5395850.00 |
| Non Operating | | | |
| 240000000 | Interest &Finance charges | RP-14 | 29.00 |

| | | | |
|---|---|---|---|
| 280000000 | Prior period item | RP-26 | -2519.00 |
| 311000000 | Earmarked Funds | RP-29 | 44000.00 |
| 340000000 | Deposits Received | RP-34 | 39580.00 |
| 350000000 | Other Liabilities | RP-36 | 1943381.00 |
| 410000000 | Fixed Assets | RP-38 | 6853126.00 |
| 412000000 | Capital work in progress | RP-40 | 632016.00 |
| 460000000 | Loans, Advances and Deposits | RP-47 | 953925.00 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 26685776.52<br>36357.00 |
| Grand Total | | | 69187812.52 |

## അനുബന്ധം-3

# Income And Expenditure Statement

INCOME AND EXPENDITURE STATEMENT OF KURUMATHOOR GRAMAPANCHAYATH FOR THE PERIOD FROM 1-4-2016 TO 31-3-2017

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 5265638 |
| 130000000 | Rental Income from panchayat properties | I-3 | 21936 |
| 140000000 | Fees & User Charges | I-4(b) | 603399 |
| 150000000 | Sale & Hire Charges | I-5(b) | 351469 |
| 160000000 | RevenueGrants,Funds,Contributions& Compensations | I-6 | 92284307 |
| 171000000 | Interest Earned | I-8 | 200478 |
| 180000000 | Other Income | I-9 | 335 |
| A | Total Income | | 98727562 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 7930127 |
| 220000000 | Administrative Expenses | I-11(b) | 760562 |
| 230000000 | Operations & Maintenance | I-12(b) | 851917 |
| 240000000 | Interest & Finance Charges | I-13 | 29 |

| | | | |
|---|---|---|---|
| 250000000 | Decentralised Plan Programme-Productive Sector | I-14 | 7624972 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 28636028 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 656104 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 83490 |
| 254000000 | Expenditures of transferred institutions and state sponsored schemes | 1-14(d) | 41671470 |
| 255000000 | Maintenance Projects | 1-14(e) | 5034672 |
| 260000000 | Grants,Contributions&Compensations from OwnFund | I-15 | 100000 |
| 272000000 | Depreciation | I-17(a) | 2957153 |
| B | Total Expenditure | | 96306524 |
| C=A-B | Gross Surplus / Defict Income over Expenditure | | 2421038 |
| D= 280000000 | Prior Period Item | I-18 | 390272 |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | 2030766 |
| | Net Balance being Surplus/Defict carried over to Balance Sheet (Panchayat Fund) | | |

## അനുബന്ധം-4

# Balance Sheet

BALANCE SHEET OF KURUMATHOOR GRAMA PANCHAYAT AS ON 31-3-2017

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 24972422.52 |
| 31100000 | Earmarked Funds | B2 | 2430.00 |
| 312000000 | Reserves | B-3 | 41893175.00 |
| | Total Reserve & Surplus | | 66868027.52 |
| 320000000 | Grants , Contribution for specific purposes | B4 | 2433334.00 |
| | Total Grants, Funds,Contributions for specific purposes | | 2433334.00 |

| | | | |
|---|---|---|---|
| | | | |
| | Loans | | |
| 330000000 | Secured Loans | B-5 | 3002633.00 |
| | Total Loans | | 3002633.00 |
| | Current Liabilities and Provisions | | |
| 34000000 | Deposits Received | B-7 | 529907.00 |
| 350000000 | Other Liabilities | B-9 | 595688.00 |
| | Total Current Liabilities and Provisions | | 1125595.00 |
| | TOTAL LIABILITIES | | 73429589.52 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 50842674.00 |
| 411000000 | Accumulated Depreciation | B-11 | -8422960.00 |

| | | | |
|---|---|---|---|
| 412000000 | Capital Work In Progress | B-11(a) | 0 |
| | Total Fixed Assets | | 42419714.00 |
| 420000000 | Investments-General | B-12 | 20000.00 |
| | Current Assets,Loans and Advances | | 20000.00 |
| 431000000 | Sundry Debtors (Receivables) | B-15 | 1264909.00 |
| 440000000 | Prepaid expenses | B-16 | 3002633.00 |
| 450000000 | Cash and Bank balance | B-17 | 26722133.52 |
| 460000000 | Loans, Advances and Deposits | B-18 | 200.00 |
| | Total Current Assets,Loans and Advances | | 30989875.52 |
| | TOTAL ASSETS | | 73429589.52 |